**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1437** **07-10-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഭൂമി കൈയേറ്റങ്ങൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കൈയേറ്റങ്ങളിലൂടെ സർക്കാർ ഭൂമിയുടെ വിസ്തൃതി ഓരോ മാസവും ഏക്കറുകൾ കുറയുന്നതായി റവന്യൂ വകുപ്പ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (എ) | കൈയേറ്റങ്ങളിലൂടെ സർക്കാർ ഭൂമിയുടെ വിസ്തൃതി ഓരോ മാസവും ഏക്കറുകൾ കുറയുന്നതായി റവന്യൂ വകുപ്പ് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. എന്നാൽ സർക്കാർ ഭൂമിയിലെ അനധികൃത കൈയ്യേറ്റം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ആയത് സമയബന്ധിതമായി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ ഭൂമിയിലെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് കേരള ഭൂ സംരക്ഷണ നിയമം 1957 ഉം 1958 ലെ അനുബന്ധ ചട്ടത്തിലെയും 2009 ലെ ഭൂ സംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളും 08.11.2008 ന ശേഷമുള്ള കൈയ്യേറ്റമാണെങ്കിൽ 2009 ലെ കേരള ഭൂ സംരക്ഷണ (ഭേദഗതി) നിയമപ്രകാരം കയ്യേറ്റ കക്ഷിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ